(ബി) റേഷൻവില വർദ്ധനവിനെ തുടർന്ന് സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല നേരിടുന്ന പ്രശ്നങ്ങൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ഫുഡ്കോർപ്പറേഷൻ ഗോഡൗണുകളിൽ ഭക്ഷ്യ സാധനങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ ;

(ഡി) കേന്ദ്രസർക്കാരിന്റെ "അന്നപൂർണ്ണ" പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ 1996 മാർച്ച് മാസത്തെ വിലയും 2001 ജനുവരി 31-ലെ വിലയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 1-4-2000-ൽ കേന്ദ്രസർക്കാർ റേഷൻ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതിനെ തുടർന്ന് റേഷൻ ഉപഭോഗം മുന്നിലൊന്നായി കുറഞ്ഞിട്ടുണ്ട്. പ്രതിമാസം 1,50,000 ടണ്ണോളം റേഷനരി വിറ്റഴിച്ചിരുന്നത് വില വർദ്ധനവിനുശേഷം ശരാശരി 50,000 ടണ്ണായി കുറഞ്ഞു. റേഷനെ ആശ്രയിച്ചിരുന്ന ഉപഭോക്താക്കൾ പൊതുവിപണിയെ ആശ്രയിക്കുകയും അധികസാമ്പത്തിക ബാദ്ധ്യത നേരിടുകയും ചെയ്യുന്നു. റേഷൻ ഉപഭോഗം കുറഞ്ഞതിന്റെ ഫലമായി റേഷൻ മൊത്തവ്യാപാര ഡിപ്പോകളിലും റീട്ടെയിൽ റേഷൻകടകളിലും നീക്കിയിരിപ്പുസ്റ്റോക്ക് വർദ്ധിക്കുകയും റേഷൻ വ്യാപാരികൾ പ്രതിസന്ധിയിലാവുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) "അന്നപൂർണ്ണ" പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.

റാന്നി നിയോജകമണ്ഡലത്തിലെ പുതിയ മാവേലിസ്റ്റോറുകൾ

181 (183) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് റാന്നി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന എത്ര പഞ്ചായത്തുകളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക മാവേലിസ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) അവ ഏതൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ ;

(സി) ബാക്കിയുള്ള പഞ്ചായത്തുകളിൽ മാവേലിസ്റ്റോറുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് റാന്നി നിയോജകമണ്ഡലത്തിൽ എത്ര "സപ്ലൈകോ" സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട് ;

(ഇ) റാന്നി നിയോജകമണ്ഡലത്തിൽ പുതിയ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

† അനുബന്ധം - XXVII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റാന്നി നിയോജകമണ്ഡലത്തിൽ നാറാണമ്മൂഴി പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ തുറന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) ബാക്കിയുള്ള റാന്നി, അങ്ങാടി, സീതത്തോട്, എന്നീ പഞ്ചായത്തുകളിൽ പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ട് സ്ഥലസൗകര്യം ലഭ്യമാക്കുന്നതിന് ശ്രമിച്ചു വരുന്നു.

(ഡി&ഇ) ഈ സർക്കാരിന്റെ കാലത്ത് റാന്നി നിയോജക മണ്ഡലത്തിൽ സൂപ്പർമാർക്കറ്റുകൾ ഒന്നും ആരംഭിച്ചിട്ടില്ല. പുതിയ സൂപ്പർമാർക്കറ്റുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മാവേലിസ്റ്റോറിലെ ബില്ലുകൾ

182 (184) ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളിൽ ഇംഗ്ലീഷിലാണ് ബില്ല് തയ്യാറാക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ഇംഗ്ലീഷ് ഭാഷാജ്ഞാനമില്ലാത്ത സാധാരണക്കാർ ബുദ്ധിമുട്ടുന്നു എന്നതുകൊണ്ട് മലയാളത്തിൽ ബില്ല് കൊടുക്കാൻ ബന്ധപ്പെട്ടവർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) മാവേലിസ്റ്റോറുകളിൽ എഴുതികൊടുക്കുന്ന ബില്ലുകൾ മലയാളത്തിലാണ് തയ്യാറാക്കുന്നത്. എന്നാൽ ബില്ലിംഗ് മെഷീൻ ഉപയോഗിക്കുന്ന സ്റ്റോറുകളിൽ ബില്ല് ഇംഗ്ലീഷിലാണ് തയ്യാറാക്കി നൽകുന്നത്. വിറ്റുവരവ് കൂടുതലുള്ള മാവേലി സ്റ്റോറുകളിൽ ബില്ലിംഗ് മെഷീനുകൾ അനുപേക്ഷണീയമാണ്. ഇംഗ്ലീഷിൽ ബില്ലുകൊടുക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയാളത്തിൽ ബില്ലു തയ്യാറാക്കുന്നകാര്യം, ഇതിനുള്ള സാങ്കേതിക വിദ്യയുടെ ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുന്നതാണ്.

വർക്കല നിയോജകമണ്ഡലത്തിലെ മാവേലിസ്റ്റോർ

183 (185) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് വ്യക്തമാക്കുമോ ;

(ബി) പാളയംകുന്ന് പ്രവർത്തിക്കുന്ന മാവേലിസ്റ്റോർ ഇലകമൺ പഞ്ചായത്തിന്റെതാകയാൽ ചെമ്മരുതി പഞ്ചായത്തിന് പഞ്ചായത്ത് തീരുമാനം അനുസരിച്ച് ഒരു മാവേലി സ്റ്റോർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly